REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-10-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കോഴിക്കോട് സന്ദർശിക്കും. വൈകിട്ട് കേസരി ഭവനിൽ നവരാത്രി സർഗ്ഗോത്സവം അദ്ദേഹം ഉദ്ഘാടനം ചെയ്യും.
- പ്രത്യേക സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കലിന് 17 സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം.
- കിഫ്ബി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സുധാ പിള്ള കമ്മിറ്റി ശുപാർശകൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി VD സതീശൻ.
- സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്.
- സംസ്ഥാനത്ത് ഫോക് ലോർ സർവ്വകലാശാല സ്ഥാപിക്കാൻ ഫോക് ലോർ അക്കാദമി നടപടി ആരംഭിച്ചു.
- ഇന്ത്യ- സിംബാബ്‌വെ ട്വന്റി-20 വനിതാ ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കോഴിക്കോട് സന്ദർശിക്കും. വൈകിട്ട് അഞ്ചിന് കേസരി ഭവനിലെ നവരാത്രി സർഗ്ഗോത്സവം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്.........

പ്രഥമ സർഗ്ഗകേസരി പുരസ്കാരം ആർട്ടിസ്റ്റ് പി.ആർ. രാജേന്ദ്രന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ സമ്മാനിക്കും. ഗവർണർ രാജേന്ദ്രവിശ്വനാഥ ആർലേക്കർ, സി. സദാനന്ദൻ മാസ്റ്റർ എംപി, സ്വാമി ചിദാനന്ദപുരി തുടങ്ങിയവർ പങ്കെടുക്കും. ഉപരാഷ്ട്രപതിയായശേഷം സി.പി. രാധാകൃഷ്ണൻ ആദ്യമായാണ് കോഴിക്കോട്ടെത്തുന്നത്. പരിപാടിയിലേക്ക് പ്രവേശനം പാസ്സ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. പാസ് കൈപ്പറിയവർ വൈകിട്ട് നാലുമണിക്ക് മുമ്പ് ഹാളിൽ പ്രവേശിക്കണമെന്ന് സംഘാടകർ അറിയിച്ചു.

ഉപരാഷ്ട്രപതിയുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരപരിധിയിൽ വൈകിട്ട് 4 മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നഗരത്തിലെ റോഡുകളിൽ വാഹന പാർക്കിങ് അനുവദിക്കുന്നതല്ല. VVIP യുടെ യാത്രാസമയത്ത് റൂട്ടിൽ ഗതാഗതം പൂർണ്ണമായും നിയന്ത്രിക്കും.

ഇന്ന് ഉച്ചയ്ക്കുശേഷം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട് . പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമായിരിക്കും. മുൻകൂട്ടി നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് അവധി ബാധകമല്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

അടുത്ത വർഷം ജനുവരി 1 യോഗ്യതാ തീയതിയായി കണക്കാക്കി, പ്രത്യേക സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ'നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ 17 സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും നിർദ്ദേശിച്ചു.

ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, അസം, ബീഹാർ, ഛത്തീസ്ഗഡ്, ഗോവ, ഗുജറാത്ത്, കേരളം, ലക്ഷദ്വീപ്, മധ്യപ്രദേശ്, മണിപ്പൂർ, പുതുച്ചേരി, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലാണ് പട്ടിക പുതുക്കുന്നത് .പ്രത്യേക വോട്ടർ പട്ടിക തീവ്ര പുതുക്കൽ' നടന്നുകൊണ്ടിരിക്കുന്നതോ അടുത്തിടെ പൂർത്തിയായതോ ആയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, പ്രത്യേക സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ'സമയക്രമം പിന്നീട് അറിയിക്കുമെന്ന് കമ്മീഷൻ അറിയിച്ചു. SIR ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ പുതുക്കലിന് സമയക്രമം പിന്നീട് അറിയിക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി.

പട്ടികയിൽ ഉൾപ്പെടാതെ പോയവരെയും ആദ്യമായി വോട്ടർമാരാകാൻ യോഗ്യത നേടിയവരെയും ഉൾപ്പെടുത്തുന്നതിന് പ്രത്യേക യജ്ഞം നടത്താൻ നിർദ്ദേശം നൽകിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

വോട്ടർപട്ടിക പ്രത്യേക സംക്ഷിപ്ത പുതുക്കൽ'  പ്രക്രിയയിൽ, യോഗ്യതയുള്ള എല്ലാവരും വോട്ടർമാരായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ചീഫ് ഇലക്ടറൽ ഓഫീസറും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും ഉറപ്പുവരുത്തണമെന്നും കമ്മീഷൻ നിർദേശിച്ചു.

✪✪✪

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും  സംസ്ഥാനത്ത് പ്രത്യേക യജ്ഞത്തിന് തുടക്കമായി. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിച്ചിട്ടുണ്ട്. പുതിയ വോട്ടർമാരെയും, വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെയും, പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാണ് പ്രചാരണ യജ്ഞം നടത്തുന്നത്. ഈ മാസം 31 വരെ യജ്ഞം തുടരും

✪✪✪

കേന്ദ്രമന്ത്രി ഡോ. L. മുരുകന്റെ രാജി രാഷ്ട്രപതി ദ്രൗപദി മുർമു ഉടൻ പ്രാബല്യത്തോടെ സ്വീകരിച്ചു. ഭരണഘടനയുടെ 75-ാം അനുച്ഛേദത്തിലെ രണ്ടാം ഖണ്ഡിക പ്രകാരമാണ് രാജി സ്വീകരിച്ചതെന്ന് രാഷ്ട്രപതി ഭവൻ പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അറിയിച്ചു. ഡോ. മുരുകൻ ഇന്നലെയാണ് രാജി സമർപ്പിച്ചത്.

✪✪✪

ന്യൂഡൽഹിയിലെ കോണാട്ട് പ്ലേസ് മേഖലയിൽ പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ, ഇന്ന് ഭാരതീയ നാഗരിക് സുരക്ഷാ സംഹിത സെക്ഷൻ 163 പ്രകാരം നിരോധനാജ്ഞ ഏർപ്പെടുത്തിയതായി ഡൽഹി പോലീസ് അറിയിച്ചു.

ന്യൂഡൽഹിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ, വ്യവസ്ഥകൾ ലംഘിക്കുന്ന തരത്തിൽ ഒത്തുചേരലുകളിൽ പങ്കെടുക്കരുതെന്ന് പ്രതിഷേധക്കാരോടും പൊതുജനങ്ങളോടും DCP നേഹ യാദവ് അഭ്യർത്ഥിച്ചു. ഭരണപരമായ കാരണങ്ങളാൽ സെൻട്രൽ പാർക്ക് അടുത്ത രണ്ട് ദിവസത്തേക്ക് അടച്ചിടുമെന്ന് ന്യൂഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ ഡൽഹി പോലീസിനെ അറിയിച്ചിട്ടുണ്ട്.

✪✪✪

കിഫ്ബിയുടെ ധനകാര്യ വിനിയോഗം, ഭരണഘടനാ ചട്ടങ്ങൾ, പദ്ധതി നടത്തിപ്പ് എന്നിവ സംബന്ധിച്ച് പഠിച്ച സുധാ പിള്ള കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി VD സതീശൻ തിരുവനന്തപുരത്ത് പറഞ്ഞു. കിഫ്ബിയുടെ പ്രവർത്തനത്തിൽ ഭരണഘടനാ വ്യവസ്ഥകളിൽ നിന്നും റൂൾസ്

ഓഫ് ബിസിനസ്സിൽ നിന്നും വ്യതിയാനം കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേട് സംബന്ധിച്ച് അന്വേഷണം ഗൗരവമായി ആലോചിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കിഫ്ബിയുടെ പ്രവർത്തനംമൂലം സംസ്ഥാനത്തിന് 13,103 കോടി രൂപയുടെ അധിക ചെലവ് ഉണ്ടായെന്നും ഗവൺമെന്റ് നേരിട്ട് നിക്ഷേപിച്ചിരുന്നെങ്കിൽ കൂടുതൽ തുക വികസനത്തിന് ഉപയോഗിക്കാമായിരുന്നെന്നു അദ്ദേഹം പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധന സഹായത്തിന് കുടുംബ വാർഷിക വരുമാന പരിധി മൂന്നുലക്ഷം രൂപയായി ഉയർത്തിയതായി മുഖ്യമന്ത്രി വിഡി സതീശൻ അറിയിച്ചു. പോർട്ടൽ മുഖേന ധനസഹായം അനുവദിക്കാൻ പരിധി വർധിപ്പിച്ചിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് ഡാറ്റ പോളിസി -2026 കരട്, മന്ത്രിസഭാ യോഗം അംഗീകരിച്ചതായും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

ഇന്ന് ലോക ഭക്ഷ്യ ദിനം. ലോകത്ത് പട്ടിണിയും ദാരിദ്ര്യവും നിർമാർജനം ചെയ്യുന്നതിനും എല്ലാവർക്കും പോഷകാഹാരം ഉറപ്പാക്കുന്നതിനുമാണ് ദിനാചരണം. 1947 ഒക്ടേബർ 16ന് ഐക്യരാഷ്ട്ര സഭയുടേ ഫുഡ് ആന്റ് ആഗ്രികൾച്ചർ ഓർഗനൈസേഷൻ രൂപീകരിച്ചതിന്റെ സ്മരണക്കായി 1979 മുതലാണ് ഒക്ടോബർ 16 ഭക്ഷ്യദിനമായി ആചരിക്കുന്നത്.

✪✪✪

ട്രെയിനുകളിലെ ഭക്ഷണം മെച്ചപ്പെടുത്തുന്നതിന് ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷൻ ലിമിറ്റഡും ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. IRCTC-യുടെ കീഴിൽ എല്ലാ മൊബൈൽ, സ്ഥിര കാറ്ററിംഗ് യൂണിറ്റുകളിലും ഭക്ഷ്യ സുരക്ഷയും ശുചിത്വവും ഉറപ്പാക്കുന്നതിന്, സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓഡിറ്റ് സംവിധാനവും ഇതിലൂടെ നടപ്പാക്കും.

✪✪✪

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവചുമതല നിർവഹിക്കുന്ന പൊലീസ് ഉദ്യോഗസ്ഥരുടെ മെസ്സ് ഗ്രാന്റ് വർദ്ധിപ്പിച്ചു. നിലവിലെ 79 രൂപയാണ് 90 രൂപയായി വർദ്ധിപ്പിച്ചത്. ഇതിനായി ആകെ മൂന്ന് കോടി 60 ലക്ഷം രൂപ ഈ സീസണിലേക്ക് അനുവദിച്ചു.

✪✪✪

സംസ്ഥാനത്ത് ഫോക് ലോർ സർവ്വകലാശാല സ്ഥാപിക്കാൻ കേരള ഫോക് ലോർ അക്കാദമി നടപടികൾ ആരംഭിച്ചു. ഇതിനായി നാടൻ കലാ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

.........വോയ്സ്...........

കേരളത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പുനരാവിഷ്കരിക്കുന്നതിനും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായാണ് സർവകലാശാല എന്ന ആശയം മുന്നോട്ടുവയ്ക്കുന്നതെന്ന് ഫോക് ലോർ അക്കാദമി ചെയർമാൻ സുരേഷ് ബാബു എളയാവൂർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു . നിലവിലുള്ള ഫോക്ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് സർവകലാശാലയായി വികസിപ്പിക്കാനാണ് ആലോചന. ഇതുമായി ബന്ധപ്പെട്ട ഔദ്യോഗിക ചർച്ചകൾ ആരംഭിച്ചു.

തിരുവിതാംകൂറിന്റെ തനത് കലാരൂപങ്ങളും പാരമ്പര്യവും സംരക്ഷിക്കുന്നതിനായി ഫോക് വില്ലേജിൽ മ്യൂസിയം സജ്ജീകരിക്കുമെന്നും

ആദിവാസി-ഗോത്ര കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ഒരാഴ്ച നീളുന്ന 'ആദിമം' ശിൽപ്പശാല സംഘടിപ്പിക്കുമെന്നും അക്കാദമി ചെയർമാൻ പറഞ്ഞു

അക്കാദമി വൈസ് ചെയർമാൻ ശ്രീരാമൻ കൊയ്യോൻ, സെക്രട്ടറി എം. പ്രദീപ് കുമാർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

✪✪✪

ഇന്ത്യ- സിംബാബ്‌വെ ട്വന്റി 20 വനിതാ ക്രിക്കറ്റ് പരമ്പരക്ക് ഇന്ന് തുടക്കമാവും. ആദ്യ മത്സരം റായ്പൂരിലെ ഷഹീദ് വീർ നാരായണൻ സിങ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് നടക്കും. തുടർച്ചയായ അഞ്ച് വിജയങ്ങളുടെ ആത്മവിശ്വാസവുമായാണ് ഇന്ത്യ പരമ്പരയ്ക്കിറങ്ങുന്നത്.

പരമ്പരയിലെ രണ്ടാം മത്സരം മറ്റന്നാളും മൂന്നാം മത്സരം തിങ്കളാഴ്ചയുമാണ് .

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കായിക മേളക്ക്  ഇന്ന് തുടക്കമാകും. മെഡിക്കൽ കോളേജ് സിന്തറ്റിക്ക് ട്രാക്കിൽ  രാവിലെ 10ന് മേയർ ഒ സദാശിവൻ മേള ഉദ്ഘാടനംചെയ്യും.

✪✪✪

പ്രതിപക്ഷ നേതാവ് പിണറായി വിജയനും PA മുഹമ്മദ് റിയാസ് MLAയ്ക്കുമെതിരായ കേസിനെ, നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു . CMRL-ഉം എക്സാലോജിക് കമ്പനിയുമായുള്ള കരാർ നിയമപരമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഭാരതത്തെ ഏകീകരിച്ച മന്ത്രമായിരുന്നു വന്ദേമാതരമെന്ന് പ്രഭാഷകൻ സന്ദീപ് വാചസ്പതി പറഞ്ഞു. കോഴിക്കോട് കേസരി ഭവനിൽ നവരാത്രി സർഗ്ഗോത്സവത്തിന്റെ അഞ്ചാം ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വന്ദേമാതരത്തെ ഇന്ത്യക്കാരുടെ മനസ്സിൽ നിന്ന് മായ്ച്ചുകളയാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്  അറുപതാം വാർഷികാഘോഷൾ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഇന്ന്  തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കാഴ്ചപരിമിതരായ നിർധന വനിതകൾക്ക് അദ്ദേഹം ബ്രയിൽ വാച്ചുകൾ വിതരണം ചെയ്യും.

✪✪✪

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തെറ്റ് തിരുത്തുന്നതിനും കാസർകോട് ജില്ലയിൽ പ്രത്യേക എന്റോൾമെന്റ് ഡ്രൈവിന് തുടങ്ങി. ഈ മാസം 31 വരെയാണ് എന്റോൾമെന്റ് ഡ്രൈവ്.

✪✪✪

കോട്ടയം ജില്ലയിൽ കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് കീഴിലെ പുതിയ 'ആധാർ സേവാ കേന്ദ്രം'  ഇന്ന് ആരംഭിക്കും. രാവിലെ കോട്ടയം ജില്ലാ കളക്ടർ ചേതൻ കുമാർ മീണ കേന്ദ്രം ഉദ്ഘാടനം ചെയ്യും.

✪✪✪

പൊതുകുളങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിക്ക് മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ തുടക്കമായി. കച്ചിത്തോട് ഡാമിൽ മത്സ്യവിത്ത് നിക്ഷേപിച്ച് മാടക്കത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സണ്ണി ചെന്നിക്കര പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

✪✪✪

ചാത്തമംഗലം NIT ഗ്രൗണ്ടിൽ 68-ാമത് സംസ്ഥാന സ്കൂൾ കായികമേളയോടനുബന്ധിച്ച് കുടിവെള്ള വിതരണത്തിന് വെൽഫെയർ കമ്മിറ്റിയുടെ നേതൃത്വത്തിൽ തണ്ണീർക്കുടങ്ങൾ സ്ഥാപിച്ചു. ആദ്യ തണ്ണീർക്കുടത്തിൽ നിന്ന് ജലവിതരണത്തിന്റെ ഉദ്ഘാടനം വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ KK രമ MLA. നിർവഹിച്ചു.

✪✪✪

*News Editor എ വി ഫർദിസ്*
*News Reader: അബ്ദുൾ കബീർ*
*News Team: ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*